കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.-പി8 1797/16

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല

തീയതി, 31/12/2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2 ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-1, 3-2, 3-3 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി8-1797/16
തീയതി:31/12/2016

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ
2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06--2015 മുതൽ 13-10-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.എം.ഗീത, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14-10-2016 മുതൽ 22-10-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി. മണിലാൽ | ഓഡിറ്റ്ഓഫീസർ |
| | | ശ്രീ. മനു കെ. നായർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. കെ. രതീഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീ. എസ്.ശരത് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ബിന്ദ പി. ജോൺ | 01-04-15 മുതൽ<br>31-03-16 വരെ |
| സെക്രട്ടറി | : | ശ്രീ.ആർ.എ.ഹിൽക്ക് രാജ് | 01-04-15 മുതൽ<br>24-07-15 വരെ |
| | : | ശ്രീ. എ.അനിൽ കുമാർ | 25-07-15 മുതൽ<br>31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.സെക്രട്ടറി | : | ശ്രീ. എസ്. വിജയമോഹനൻ | 01-04-15 മുതൽ<br>31-03-16 വരെ |
| കൃഷി ഓഫീസർ | : | ശ്രീ.സോണൽ സലീം | 01-04-15 മുതൽ<br>27-05-15 വരെ |
| | : | ശ്രീമതി. നിയാ സെലിൻ | 28-05-15 മുതൽ<br>31-03-16 വരെ |
| വെറ്റിനറി സർജൻ | : | ഡോ. അനീസ് ബഷീർ | 1-4-15 മുതൽ<br>31-03-16 വരെ |
| അസി.എഞ്ചിനിയർ | : | ശ്രീമതി. എൽ.ആർ. കാർത്തിക | 01-04-15 മുതൽ<br>31-03-16 വരെ |
| ഹെഡ്മിസ്റ്റസ്(അസി.ഇൻ ചാർജ്ജ്) | : | ശ്രീമതി.റോസമ്മ | 01-04-15 മുതൽ<br>31-03-16 വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | : | ഡോ.കോളിൻ ബി. ഫെർണാണ്ടസ് | 01-04-15 മുതൽ<br>31-03-16 വരെ |

| | | | |
|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | : | ഡോ.അമ്പിളി കുമാരി | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | : | ഡോ.രമ്യ | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | : | ശ്രീമതി.പുഷ്പലത | 01-04-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ(ഹെഡ് ക്വാർട്ടേഴ്സ് സർക്കിൾ) | : | ശ്രീമതി.സി.എസ്.ജയ | 01-04-15 മുതൽ 06-10-15 വരെ |
| | : | ശ്രീമതി.രതികുമാരി | 06-10-15 മുതൽ 31-03-16 വരെ |
| വി.ഇ.ഒ(കണ്ണനല്ലൂർ സർക്കിൾ) | : | ശ്രീ.ആദർശ് | 01-04-15 മുതൽ 04-03-16 വരെ |
| | : | ശ്രീമതി.എം.വി.അജിത | 09-03-16 മുതൽ 31-03-16 വരെ |
| വി.ഇ.ഒ(വെട്ടിലതാഴം സർക്കിൾ) | : | ശ്രീ.ഐ.സലിൻ കുമാർ | 01-04-15 മുതൽ 31-03-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഇ ടെണ്ടർ- ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നു-67973/- രൂപയുടെ നഷ്ടം. | 2-1 |
| 13 | മെഡിസിറ്റി മെഡിക്കൽ കോളേജ്-കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ കെട്ടിടങ്ങൾ ക്രമവത്കരിക്കപ്പെട്ടില്ല-പഞ്ചായത്തിനു ലഭിക്കേണ്ട കെട്ടിട നികുതി വരുമാനത്തിൽ വർഷംതോറും 92273/- രൂപയുടെ കുറവ് | 2-2 |
| 14 | അനധികൃത കെട്ടിട നിർമ്മാണം-കെട്ടിട നികുതി ഒടുക്കുന്നില്ല.-42969/- രൂപയുടെ നഷ്ടം | 2-3 |
| 15 | സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ- പഞ്ചായത്ത് ഫണ്ടിനു നഷ്ടം. | 2-4 |

| | | |
|---|---|---|
| | ഭാഗം 3 | |
| 16 | ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകി - 50,000/- രൂപ നിരാകരിക്കുന്നു | 3-1 |
| 17 | വാഴകൃഷിക്ക് വളം വാങ്ങൽ - അധികം തുക നൽകി - 18,960/- രൂപ നിരാകരിക്കുന്നു | 3-2 |
| 18 | വാഴകൃഷി വികസനം - വികസന ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകി - 8170 രൂപ നിരാകരിക്കുന്നു. | 3-3 |
| 19 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ- അധികവേതനം നൽകിയത് സംബന്ധിച്ച് | 3-4 |
| 20 | പൊതുടാപ്പുകൾക്കുള്ള വാട്ടർചാർജ്ജ്-നടപടി സുതാര്യമല്ല. | 3-5 |
| 21 | പദ്ധതി നിർവ്വഹണം-മുൻഗണന അർഹിക്കുന്ന മേഖലകളെ ഒഴിവാക്കുന്നു. | 3-6 |
| 22 | കന്ന്കുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ഹാജരാക്കിയില്ല- 6,25,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 23 | പൈപ്പ് കമ്പോസ്റ്റ് നൽകൽ - രേഖകൾ ഹാജരാക്കിയില്ല – 2,66,283 രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 24 | പച്ചക്കറി വിത്ത്, വളം, ഗ്രോബാഗ് വാങ്ങൽ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല - 1,36,300/- രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 25 | ഫലവൃക്ഷതൈ വിതരണം - അധികം തുക ചെലവഴിച്ചു 825/- രൂപ നിരാകരിക്കുന്നു | 3-10 |
| 26 | തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്-മീറ്ററിഗ് സംവിധാനത്തോടുകൂടിയഓട്ടോമാറ്റിക് മ തെരുവ് വിളക്ക്സ്ഥാപിച്ചില്ല- | 3-11 |

| | | |
|---|---|---|
| | വൈദ്യുതി ചാർജ് ഇനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു. | |
| 27 | വൗച്ചർ പ്രകാരമുള്ള ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 |
| 28 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകത സംബന്ധിച്ച്. | 3-13 |
| 29 | മരുന്ന് വാങ്ങലിനായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല | 3-14 |
| 30 | ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല | 3-15 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 05-03-2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2016 | 28-07-2016 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20-10-2016 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 56565739/- |
| വരവ് | 81261223/- |
| ആകെ | 137826962/- |
| ചെലവ് | 102621021/- |
| നീക്കിയിരിപ്പ് | 35205941/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1789052 | 19632078 | 21421130 | 21385130 | 36000 |
| വികസനഫണ്ട് എസ്.സി.പി. | 4311190 | 10196391 | 14507581 | 14507581 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 47000 | 47000 | 47000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 854182 | 5868617 | 6722799 | 6722799 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1901105 | 1300113 | 3201215 | 3201215 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3096617 | 11509989 | 14606606 | 14606606 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 35404 | 15803404 | 15838808 | 15836309 | 2499 |
| ബി ഫണ്ട് | 0 | 50547623 | 50547623 | 50547623 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 237 | 127410572 | 231 | 85571481 | 0 | 6 | 97 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10379649 | 10069703 | 309946 | (-)3.08% |
| നികുതിയേതര വരവുകൾ | 3499822 | 3252504 | 247318 | (-)7.6% |
| മറ്റുവരവുകൾ | 910768 | 977466 | 66698 | (+)7.5% |
| ആകെ | 14790239 | 14299673 | 490566 | (-)4% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 896040 | 556 |
| കർഷകതൊഴിലാളി പെൻഷൻ | 2509590 | 353 |
| വിധവാപെൻഷൻ | 24703400 | 2499 |
| വാർദ്ധക്യകാലപെൻഷൻ | 14455380 | 333 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 7556660 | 747 |
| അൻപത് വയസ്സിൻമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 172560 | 16 |

**1-9** <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-10-2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1657/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

**1-10** <u>ആഭ്യന്തരനിയന്ത്രണം.</u>

തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്ന സാധനങ്ങളുടെ വിതരണവിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

**1-11** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-08-2016 | 04/16 മുതൽ 06/16 | 01-10-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-01-13 | 2007-08 മുതൽ 2011-12 | 08-03-13 |

## ഭാഗം-2

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

**2-1** <u>ഈ ടെണ്ടർ- ടെണ്ടർ വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടപ്പെട്ടു-**67973/-** രൂപയുടെ നഷ്ടം.</u>

2015-16 വർഷം 5 ലക്ഷം രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള വിവിധ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടറിലൂടെ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾക്കുള്ള ടെണ്ടർ ഫോം വിൽപ്പനയിലൂടെ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം

നാളിതുവരെ ലഭിച്ചിട്ടില്ല. തൻമൂലം തനത് വരുമാനത്തിൽ 2015-16 വർഷം 67973/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഇ-ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തികൾ ടെണ്ടർ ഫോം വില ചെലാൻ മുഖേന എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ അടവാക്കുകയും ആയതിനു ശേഷം മേൽ ചെലാൻ നമ്പർ ഉപയോഗിച്ച് വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഫോറം ഡൗൺ ലോഡ് ചെയ്തെടുക്കുകയുമാണ് ചെയ്യുന്നത്. എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ഫോം വിൽപ്പനയിനത്തിൽ നിന്നും ലഭിക്കുന്ന തുകയിൽ നിയമപ്രകാരം വാറ്റ് ഇനത്തിൽ സർക്കാരിനു ലഭിക്കേണ്ട തുക സർക്കാരിലേക്ക് ഒടുക്കിയ ശേഷം ബാക്കി തുക അതാത് പഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് അവർക്ക് കൈമാറേണ്ടതാണ്. ഇപ്രാകാരം ഇ-ടെണ്ടർ ഫോറം വിൽപ്പനയിനത്തിൽ 2015-16 വർഷം പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംഷങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | ടെണ്ടർ ഫോം വില | ഈ-ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള വ്യക്തികളുടെ എണ്ണം | ആകെ തുക | 5% വാറ്റ് കിഴിച്ച് പഞ്ചായത്തിനു ലഭിക്കേണ്ട തുക |
|---|---|---|---|---|---|
| 1. | മുരാരി മുക്ക് റോഡ് റീ ടാറിംഗ് 683000/- | 1400/- | 4 | 5600/- | 5320/- |
| 2. | ജയന്തി കോളനി പമ്പ് ഹൗസ് റോഡ് കോൺക്രീറ്റിംഗ് 528000/- | 1100/- | 1 | 1100/- | 1045/- |
| 3. | ചെറുപുഷ്പം-പെരുങ്കുളം ഏലാ തോട് സൈഡ് വാൾ നിർമ്മാണം 589284/- | 1200/- | 2 | 2400/- | 2280/- |
| 4. | കിളിപ്പാലിൽ ഇറ റോഡ് ചാണിക്കൽ തോട് സൈഡ് വാൾ നിർമ്മാണം 942000/- | 2000/- | 3 | 6000/- | 5700/- |
| 5. | മാർത്താണ്ഡം റോഡിനു സൈഡ് വാൾ, കവറിംഗ് സ്ലാബ് നിർമ്മാണം 635000/- | 1300/- | 1 | 1300/- | 1235/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6. | ട്രാൻസ്ഫോർമർ ജംഗ്ഷൻ- തുണ്ടിൽ ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ്<br>659000/- | 1400/- | 3 | 4200/- | 3990/- |
| 7. | സ്വാമി മുക്ക്- തുമ്പ് വിള റോഡ് കോൺക്രീറ്റിംഗ്<br>726200/- | 1550/- | 2 | 3100/- | 2945/- |
| 8. | എച്ച്.എം.സി. ജംഗ്ഷൻ- കക്കാട് ഡ്രെയിൻ റോഡ് കോൺക്രീറ്റിംഗ്<br>550000/- | 1200/- | 2 | 2400/- | 2280/- |
| 9. | കുഴിവിള ജംഗ്ഷൻ- വിളയിൽ ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ്<br>553600/- | 1200/- | 4 | 4800/- | 4560/- |
| 10. | സ്നേഹ സാഗര കർമ്മൽ റോഡ് റീ ടാറിംഗ്<br>845500/- | 1800/- | 5 | 9000/- | 8550/- |
| 11. | ട്രാൻസ്ഫോർമർ- അടൂർക്കോണം റോഡ് കോൺക്രീറ്റിംഗ്<br>581500/- | 1250/- | 3 | 3750/- | 3563/- |
| 12. | മംഗലത്ത് കാഷ്യു ഫാക്ടറി- ചെറുവള്ളി റോഡ് റീ ടാറിംഗ്<br>559000/- | 1200/- | 2 | 2400/- | 2280/- |
| 13. | ഗവൺമെന്റ് എൽ.പി.എസ്. ഓഡിറ്റോറിയം നവീകരണം<br>500000/- | 1050/- | 3 | 3150/- | 2992/- |

| | | | | | |
|---|---|---|---|---|---|
| 14. | 98ാം നമ്പർ അംഗൻവാടിക്ക് ഹാൾ നിർമ്മാണം<br>500000/- | 1050/- | 3 | 3150/- | 2992/- |
| 15. | പുതുച്ചിറ അംഗൻവാടി നം.84 റോഡ് കോൺക്രീറ്റിംഗ്<br>528700/- | 1150/- | 3 | 3450/- | 3278/- |
| 16. | പുതിയ ലൈബ്രറി കെട്ടിട നിർമ്മാണം<br>1384000/- | 5250/- | 3 | 15750/- | 14963/- |
| ആകെ | | | | | 67973/- |

മേൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ നാളിതുവരെയായി ഗ്രാമപഞ്ചായത്ത് അധികാരികൾ സ്വീകരിച്ചിട്ടില്ല. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ഇ-ടെണ്ടർ ഫോറം വിലയായി ലഭിച്ചിട്ടുള്ള 67973/- രൂപ ഗ്രാമപഞ്ചായത്തിനു ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-2 മെഡിസിറ്റി മെഡിക്കൽ കോളേജ്-കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ കെട്ടിടങ്ങൾ ക്രമവത്കരിക്കപ്പെട്ടില്ല-പഞ്ചായത്തിനു ലഭിക്കേണ്ട കെട്ടിട നികുതി വരുമാനത്തിൽ വർഷംതോറും **92269/-** രൂപയുടെ കുറവ്

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മെഡിസിറ്റി മെഡിക്കൽ കോളേജിലെ കെട്ടിടങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ചിട്ടുള്ളതിനാൽ ചീഫ് ടൌൺ പ്ലാനിംഗ് ഓഫീസറിൽ നിന്നും കെട്ടിടങ്ങൾ ക്രമവത്കരിച്ചു കൊണ്ടുള്ള ഉത്തരവ് ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകി കെട്ടിട നികുതി നിർണ്ണയിക്കുന്നതിനോ ഈടാക്കുന്നതിനോ പഞ്ചായത്തിനു സാധിച്ചിട്ടില്ല. തൻമൂലം കെട്ടിട നികുതി ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനത്തിൽ വർഷംതോറും 92269/- രൂപയുടെ കുറവു വരുന്നു.

14.07.2006, 17.02.2007, 16.04.2007 എന്നീ തീയതികളിലായി പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള എം.3-2657/2006ാം നമ്പർ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഹോസ്പിറ്റൽ ബിൽഡിംഗ്, ഹോസ്പിറ്റൽ സർവ്വീസ് ബ്ലോക്ക്, മെഡിക്കൽ കോളേജ് ബിൽഡിംഗ്, ഡോക്ടേഴ്സ് കോർട്ടേഴ്സ്, ലേഡീസ് ഹോസ്റ്റൽ ബിൽഡിംഗ്, ഡോർമിറ്ററി ബിൽഡിംഗ്, മോർച്ചറി ബിൽഡിംഗ്, ആനിമൽ ഹസ്ബന്ററി ബിൽഡിംഗ്, നെഴ്സിംഗ് കോളേജ് ബിൽഡിംഗ്, സ്റ്റാഫ് കോർട്ടേഴ്സ് ബിൽഡിംഗ് എന്നിവ പണിയുന്നതിനായി

ക്വയിലോൺ മെഡിക്കൽ ട്രസ്റ്റിനു അനുമതി നൽകിയിട്ടുണ്ട്. 2009-10, 2010-11 വർഷങ്ങളിലായി മേൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ലേഡീസ് ഹോസ്റ്റൽ ബിൽഡിംഗ്, നെഴ്സിംഗ് കോളേജ് ബിൽഡിംഗ് എന്നിവ ഒഴികെ മറ്റുള്ളവയെല്ലാം പൂർത്തീകരിച്ചിട്ടുള്ളതായി കാണിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് മേൽ ട്രസ്റ്റ് പഞ്ചായത്തിൽ സമർപ്പിക്കുകയും പൂർത്തീകരിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് കെട്ടിട നമ്പർ നൽകി കെട്ടിട നികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്തിൽ നിന്നും നമ്പരിട്ടു നൽകിയിട്ടുള്ള മേൽ കെട്ടിടങ്ങളിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ 07.08.2015 ൽ നേരിട്ടു നടത്തിയിട്ടുള്ള അളവു പരിശോധനയിൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം പഞ്ചായത്തിന്റെ അനുമതി കൂടാതെ ഈ കെട്ടിടങ്ങളിൽ അനധികൃതമായ പുനർനിർമ്മാണങ്ങളും കൂട്ടിച്ചേർക്കലുകളും നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം വസ്തുനികുതി നിർണ്ണയത്തിനുശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും വരുത്തുന്ന മാറ്റങ്ങൾ 30 ദിവസത്തിനുള്ളിൽ സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും അതോടൊപ്പം പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം നടപടികളൊന്നും മെഡിക്കൽ കോളേജ് അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ മേൽ ചട്ടത്തിന്റെ രണ്ടാം ഉപചട്ടപ്രകാരം സെക്രട്ടറിക്ക് മെഡിക്കൽ കോളേജ് അധികൃതരുടെ മേൽ ആയിരം രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ്, ഏതാണ് അധികമെങ്കിൽ അത്, പിഴയായി ചുമത്താവുന്നതാണ്. ഇപ്രകാരം 2015-16 വർഷം ഈടാക്കേണ്ട പിഴയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം (പഞ്ചായത്തിൽ സമർപ്പിരുന്ന കംപ്ലീഷൻ പ്ലാനിലെ വിസ്തീർണ്ണം ഉൾപ്പടെ) | പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുള്ള കെട്ടിട നം | $1m^2$ നു 8/- രൂപാനിരക്കിൽ ഈടാക്കിയിട്ടുള്ള അടിസ്ഥാന വസ്തുനികുതി (രൂപ) | അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം കംപ്ലീഷൻ പ്ലാനിനേക്കാൾ അധികമുള്ള വിസ്തീർണ്ണം | $1m^2$ നു 8/- രൂപ നിരക്കിൽ അധികമുള്ള വിസ്തീർണ്ണ ത്തിനു പിഴയായി ഈടാക്കേണ്ട അടിസ്ഥാന വസ്തുനികുതി (രൂപ) |
|---|---|---|---|---|---|
| 1. | ഹോസ്പിറ്റൽ ബിൽഡിംഗ് (28411 $m^2$) | 18/793 | 227288/- | 8042 $m^2$ | 64336/- |

| | | | | | |
|---|---|---|---|---|---|
| 2. | മെഡിക്കൽ കോളേജ് ബിൽഡിംഗ് (23800 $m^2$) | 18/902 | 190400/- | 484 $m^2$ | 3872/- |
| 4. | ഡോക്ടേഴ്സ് കോർട്ടേഴ്സ് (1669 $m^2$) | 18/903 | 13352/- | 989 $m^2$ | 7912/- |
| 5. | ആനിമൽ ഹസ്ബന്ററി ബിൽഡിംഗ് (306 $m^2$) | 18/905 | 2448/- | 43.6 $m^2$ | 349/- |
| 6. | സ്റ്റാഫ് കോർട്ടേഴ്സ് ബിൽഡിംഗ് (2066 $m^2$) | 18/945 മുതൽ 968 വരെ | 16531/- | 1975 $m^2$ | 15800/- |
| ആകെ | | | | | 92269/- |

കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ടതു മൂലമുള്ള മേൽ പിഴ തുക പലിശ സഹിതം മെഡിസിറ്റി മെഡിക്കൽ ട്രസ്റ്റിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. കൂടാതെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ട് നിലവിൽ പഞ്ചായത്തിൽ നിന്നുള്ള കെട്ടിട നമ്പർ ഇല്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലേഡീസ് ഹോസ്റ്റൽ, നെഴ്സിംഗ് കോളേജ്, ക്യാന്റീൻ, ബോട്ലിംഗ് പ്ലാന്റ്, ട്രീറ്റ്മെന്റ് പ്ലാന്റ്, പ്രോജക്ട് സ്റ്റോർ എന്നിവ ചീഫ് ററൗൺ പ്ലാനിംഗ് ഓഫീസറുടെ ഉത്തരവിനാൽ ക്രമവത്കരിക്കപ്പെടുന്ന മുറയ്ക്ക് അവ പ്രവർത്തന സജ്ജമായ തീയതി മുതലുള്ള കെട്ടിട നികുതി പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

മെഡിസിറ്റി മെഡിക്കൽ കോളജിന്റെ പരിധിയിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി ഓഡിറ്റ് ടീം നടത്തിയിട്ടുള്ള പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹോസ്പിറ്റൽ ബിൽഡിംഗ്, മെഡിക്കൽ കോളേജ് എന്നിവ പണിയുന്നതിനു മാത്രമാണ് പഞ്ചായത്തിൽ നിന്നും അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി ഒരു റസിഡൻഷ്യൽ ബിൽഡിംഗ് അനധികൃതമായി നിർമ്മിച്ചിരിക്കുന്നു.
2. ഒരു കെട്ടിടം ഡോർമിറ്ററി ബിൽഡിംഗ് എന്നു കാണിച്ച് പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ വാങ്ങിയ ശേഷം ഈ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയിരിക്കുന്നു. നിലവിൽ ഈ കെട്ടിടം ആരാധനയ്ക്കായി മാറ്റി വച്ചിരിക്കുന്നു.

3. ഹോസ്പിറ്റൽ ബ്ലോക്ക്, സർവ്വീസ് ബ്ലോക്ക്, മെഡിക്കൽ കോളേജ്, ലേഡീസ് ഹോസ്റ്റൽ, നെഴ്സിംഗ് കോളേജ്, സ്റ്റാഫ് കോർട്ടേഴ്സ്, ഡോക്ടേഴ്സ് കോർട്ടേഴ്സ് എന്നിവയ്ക്കു ചട്ടം 51 പ്രകാരമുള്ള ലിഫ്റ്റുകളുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.
4. ഡോക്ടേഴ്സ് കോർട്ടേഴ്സിനു വശങ്ങളിലും പിൻഭാഗത്തും ചട്ട പ്രകാരം ആവശ്യമുള്ള സെറ്റ് ബാക്കുകൾ ലഭ്യമാക്കിയിട്ടില്ല.
5. ഹോസ്പിറ്റൽ ബ്ലോക്ക്, സർവ്വീസ് ബ്ലോക്ക്, മെഡിക്കൽ കോളേജ്, ലേഡീസ് ഹോസ്റ്റൽ, നെഴ്സിംഗ് കോളേജ്, സ്റ്റാഫ് കോർട്ടേഴ്സ്, ഡോക്ടേഴ്സ് കോർട്ടേഴ്സ് എന്നിവയ്ക്കു ചട്ടം 47 പ്രകാരമുള്ള ഫയർ എസ്കേപ്പ് സ്റ്റെയർ നിർമ്മിച്ചിട്ടില്ല.
6. ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള വിവരാവകാശ നിയമപ്രകാരമുള്ള മറുപടിയിൽ മൂന്ന് നിലകളിൻമേലുള്ള കെട്ടിടങ്ങളുടെ ടെറസ്സ് അടച്ചു മൂടാൻ പാടില്ലായെന്നും മൂന്നിൽ ഒരു ഭാഗമെങ്കിലും തുറസ്സായി നിലനിർത്തണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ഹോസ്പിറ്റൽ ബ്ലോക്കിന്റെ ടെറസ്സ് മുഴുവൻ കെട്ടി അടയ്ക്കപ്പെട്ടിരിക്കുന്നു.

കെട്ടിടങ്ങൾ ക്രമവത്കരിക്കിച്ചു നൽകുമ്പോൾ മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതും അല്ലാത്തപക്ഷം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **2-3** അനധികൃത കെട്ടിട നിർമ്മാണം-കെട്ടിട നികുതി ഒടുക്കുന്നില്ല.**-42969/-** രൂപയുടെ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 235എ എ വകുപ്പ്(1)ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിനുള്ളിൽ നടന്നിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങളിൽ നിന്നും അവ നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിരുന്നുവെങ്കിൽ ഒടുക്കേണ്ടിയിരുന്ന കെട്ടിട നികുതിയും അതിന്റെ ഇരട്ടിയും ചേർത്തുള്ള തുക കെട്ടിടം ക്രമവത്കരിക്കപ്പെടുന്നതുവരെ കെട്ടിട നികുതിയായി ഈടാക്കേണ്ടതാണ്. എന്നാൽ ശ്രീ.ജലാലുദ്ദീൻ, ഫാത്തിമാ മൻസിൽ, നെടുമ്പന എന്ന വ്യക്തിയുടെ പേരിലുള്ള അനധികൃത നിർമ്മാണത്തിൽ നിന്നും ഇത്തരത്തിൽ കെട്ടിട നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

മേൽ വ്യക്തിയുടെ വാണിജ്ജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടം (വിസ്തീർണ്ണം- 204.62 $m^2$, വാർഡ്-6)കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിക്കപ്പെട്ടിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്ത് അനധികൃത നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയത് സർക്കാരിലേക്ക് അയച്ച് ക്രമവത്കരിക്കുന്നതിനായി മേൽ വ്യക്തി 25.02.15 ൽ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി അപേക്ഷ 05.02.16 ൽ സെക്രട്ടറി അപേക്ഷ ഗവൺമെന്റ് സെക്രട്ടറിക്ക് അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ നിർമ്മാണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ ചേർക്കുകയോ അനധികൃത കെട്ടിട നിർമ്മാണ നമ്പർ നൽകി ചട്ടം 235എ എ വകുപ്പ്(1)ാം ഉപവകുപ്പ് പ്രകാരമുള്ള നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. തൻമൂലം

പഞ്ചായത്തിനുണ്ടായിട്ടുള്ള വരുമാന നഷ്ടം ചുവടെ ചേർക്കുന്നു.

| അനധികൃതമായി നിർമ്മിച്ചിട്ടുള്ള കടമുറികളുടെ വിസ്തീർണ്ണം | നിയമാനുസൃതമായി നിർമ്മിക്കപ്പെട്ടിരുന്നു വെങ്കിൽ മേൽ കടമുറികളിൽ നിന്നും1 $m^2$ ന് 70/- രൂപാ ക്രമത്തിൽ ഈടാക്കേണ്ട കെട്ടിട നികുതി | അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതിനാൽ ചട്ടം 235എ എ വകുപ്പ്(1)ാം ഉപവകുപ്പ് പ്രകാരം ഈടാക്കേണ്ട നികുതി | നിലവിൽ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടുള്ള നികുതി. |
|---|---|---|---|
| 204.62 $m^2$ | 14323/- | 42969/- | ഇല്ല. |

മേൽ വ്യക്തിയിൽ നിന്നും ഈ തുക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഒടുക്കാതെ സ്ഥാപനങ്ങൾ- പഞ്ചായത്ത് ഫണ്ടിനു നഷ്ടം.

2015-16 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ അവരവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അർദ്ധവർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | കെ.എസ്.ഇ.ബി, കണ്ണനല്ലൂർ | I & II |
| 2. | എസ്.ബി.ഐ., കണ്ണനല്ലൂർ | I & II |
| 3. | കേരളാ ഗ്രാമീൺ ബാങ്ക്, കണ്ണനല്ലൂർ | I |
| 4. | ഇൻഡ്യൻ പബ്ലിക്ക് സ്കൂൾ, | I & II |
| 5. | മണപ്പുറം ഗോൾഡ് ലോൺ, കണ്ണനല്ലൂർ | II |
| 6. | ഷാൻ ഓഡിറ്റോറിയം, കണ്ണനല്ലൂർ | I & II |
| 7. | ബി.എസ്.എൻ.എൽ., മുഖത്തല | I & II |
| 8. | നാഷണൽ പബ്ലിക്ക് സ്കൂൾ, തഴുത്തല | I & II |

സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദികളായ

ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ലൈസൻസ് ഇല്ലാത്ത വ്യക്തിക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകി - 50,000/- രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം : 164

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

എസ്.സി.പി.ഫണ്ട് : 7,00,000/-രൂപ

ബിൽ നം : 30/15-16/28-03-16

2015-16 വർഷത്തിൽ 14 എസ്.സി.ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 7,00,000/- രൂപ ഡി.ഡി. നം. 657440/30-03-16 പ്രകാരം കേരള ഗ്രാമീൺ ബാങ്ക് കണ്ണനല്ലൂർ ശാഖയ്ക്ക് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി നൽകിയിട്ടുണ്ട്.

ഓട്ടോറിക്ഷയുടെ വില, രജിസ്ട്രേഷൻ ഫീസ്, ടാക്സ് പെർമിറ്റ്, മീറ്റർ, അനുബന്ധ ഉപകരണങ്ങൾ ഉൾപ്പെടെ 186000/- രൂപ ആണ് വില. ഇതിൽ 50,000/- രൂപ സബ്സിഡി ആയി ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകി. സർക്കാർ ഉത്തരവ് (എം.എസ്) നം.395/2013/ത.സ്വ.ഭ.വ/30-12-2013-ലെ സബ്സിഡി മാർഗ്ഗരേഖയിൽ ഡ്രൈവിംഗ് ലൈസൻസും, ബാഡ്ജും ലഭിച്ചിട്ടുള്ളവരായിരിക്കണം സബ്സിഡിക്ക് അർഹരെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മനോജ്.എ.എം നിവാസ്, ചെറിയേല, ആല്യംമൂട്.പി.ഒ എന്ന വ്യക്തിക്ക് ഹെവി ലൈസൻസും, ബാഡ്ജും മാത്രമാണ് ഉള്ളത്. ടിയാന് ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻസ് നാളിതുവരെ ലഭിച്ചിട്ടില്ലാത്തതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/20-10-16 ന് നൽകിയ മറുപടിയിൽ ടിയാൻ ലൈസൻസ് ഹാജരാക്കുന്ന മുറയ്ക്ക് ബോദ്ധ്യപ്പെടുത്തിക്കൊള്ളാമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ആയതിനാൽ അർഹത ഇല്ലാത്ത വ്യക്തിക്ക് നൽകിയ സബ്സിഡി തുക ആയ 50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും 50,000/- രൂപ ഈടാക്കി തിരികെ ഒടുക്കേണ്ടതാണ്.

### 3-2 വാഴകൃഷിക്ക് വളം വാങ്ങൽ - അധികം തുക നൽകി - 18,960/- രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം : 20/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

വികസനഫണ്ട് : 1,10,080/- രൂപ

ബിൽ നം : 4/15-16/29-02-16 : 1,10,080/- രൂപ

വാഴകൃഷി വികസനം എന്ന പ്രോജക്ടിന്റെ ഭാഗമായി കേരള ആഗ്രോ ഇൻഡസ്ട്രീയസ് കോർപ്പറേഷൻ ലിമിറ്റഡ് കൊട്ടാരക്കരയിൽ നിന്നും വാങ്ങിയ ജൈവവളത്തിന് അധികം തുക നൽകി. പ്രോജക്ട് നം.19/16 പ്രകാരം പച്ചക്കറികൃഷി ടെറസ്സിലും, മുറ്റത്തും എന്ന പ്രോജക്ടിന് വേണ്ടി വാങ്ങിയ ജൈവവളത്തിന് ഈടാക്കിയ വില കിലോയ്ക്ക് 12/- രൂപ പ്രകാരമായിരുന്നു. എന്നാൽ വാഴകൃഷി വികസനത്തിന് വേണ്ടി വാങ്ങിയ ജൈവവളത്തിന് കിലോയ്ക്ക് 15/- രൂപ പ്രകാരമാണ് ടി. സ്ഥാപനം ഈടാക്കിയത്. ഒരേ ദിവസം തന്നെയാണ് മേൽപ്പറഞ്ഞ 2 പ്രോജക്ടുകൾക്കുമായി ജൈവവളം വാങ്ങിയത്. വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഇൻവോയിസ് നം. തീയതി | നിരക്ക് (രൂപ) | അളവ് (കി.ഗ്രാം) | തുക |
|---|---|---|---|---|
| പച്ചക്കറികൃഷി വികസനം | Q-510/15-16<br>22-01-16 | 12 | 7250 | 87000 |
| | Q-812/15-16<br>22-03-16 | 12 | 6850<br>14100 | 82200<br>169200 |
| വാഴകൃഷി വികസനം | Q-530/15-16<br>22-01-16 | 15 | 5120 | 76800 |
| | Q-767/15-16<br>22-03-16 | 15 | 1200<br>6320 | 18000<br>94800 |

ഒരേ ദിവസം തന്നെ വാങ്ങിയ ജൈവവളത്തിന് വ്യത്യസ്ത വില ആണ് സ്ഥാപനം ഈടാക്കിയത്. കിലോയ്ക്ക് അധികം 3 രൂപ ആണ് വാഴകൃഷി വികസനത്തിന് വേണ്ടി വാങ്ങിയ ജൈവവളത്തിന് ഈടാക്കിയത്. ആയതിനാൽ വാഴകൃഷി വികസനം എന്ന പ്രോജക്ടിന് വാങ്ങിയ 6320 കിലോഗ്രാം വളത്തിന് അധികം നൽകിയ 18960 രൂപ (6320 x 3 രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തുക ഈടാക്കി തിരികെ ഒടുക്ക് വരുത്തേണ്ടതാണ്. (ഓ.എൻക്വയറി നം.8/20-10-16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## **3-3** <u>വാഴകൃഷി വികസനം - വികസന ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ച് സ്ഥാപനത്തിന് നൽകി - **8170** രൂപ നിരാകരിക്കുന്നു.</u>

പ്രോജക്ട് നം : 20/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

വികസന ഫണ്ട് : 1,10,080/- രൂപ

ഗുണഭോക്തൃവിഹിതം : 33,970/- രൂപ

ബിൽ നം : 4/15-16/29-02-16 : 1,10,080/- രൂപ

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 158 ഗുണഭോക്തൃക്കൾക്കായി വാങ്ങിയ (ഒരാൾക്ക് 20 വാഴകന്നും, 40 കി.ഗ്രാം വളവും) വളത്തിനും, വാഴകന്നിനുമായി 8120/- രൂപ അധികം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു.

വിവരം ചുവടെ ചേർക്കുന്നു

| ഐറ്റം | നിരക്ക് | അളവ് | തുക |
|---|---|---|---|
| വാഴകന്ന് | 13 രൂപ | 3160 കി.ഗ്രാം | 41,080 |
| വളം | 15 രൂപ | 6320 കി.ഗ്രാം | 94,800 |
| | | ആകെ | 1,35,880 |

ആകെ തുകയായ 135880/- രൂപയുടെ 75% തുക ആയ 101910/- രൂപ ആണ് വികസനഫണ്ടിൽ നിന്നും സബ്സിഡി നൽകാനായി പിൻവലിക്കേണ്ടിയിരുന്നത്. എന്നാൽ 1,10,080/- രൂപ ആണ് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് കൊട്ടാരക്കരയ്ക്ക് പിൻവലിച്ച് നൽകിയിട്ടുള്ളത്. അധികം പിൻവലിച്ച 8170/- രൂപ (110080-101910) ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 8170/- രൂപ തിരികെ ഈടാക്കി ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 3-4 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ- അധികവേതനം നൽകിയത് സംബന്ധിച്ച്

ബിൽ നമ്പർ – 01/2015-16/21.11.2015

പ്രോജക്ട് നമ്പർ -01/2016

ബിൽ തുക – 64373/-രൂപ

പാലിയേറ്റീവ് കെയർ നഴ്സിന് 04/2015 മുതൽ 07/2015 വരെ നൽകിയ വേതനം -36373/-രൂപ. മസ്റ്റർറോൾ പ്രകാരം അർഹമായതുക മാസം 10000/-രൂപ ക്രമത്തിൽ ചുവടെ ചേർക്കുന്നു

04/2015-7333/-രൂപ(22 ദിവസം)

05/2015-8065/-രൂപ(25ദിവസം)

06/2015-6000/-രൂപ(18ദിവസം)

07/2015-8065/-രൂപ(25ദിവസം)

ആകെ – 29463/-രൂപ

അധികം നൽകിയ തുക – 6910/-രൂപ

മേൽവിഷയത്തെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 2/17.10.2015) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പൊതുടാപ്പുകൾക്കുള്ള വാട്ടർചാർജ്ജ്-നടപടി സുതാര്യമല്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പ്രോജക്റ്റ്നം. 9/16-ൽ (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) ഉൾപ്പെടുത്തി 11,70,200/- രൂപ വെള്ളക്കരമിനത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. ആകെ പൊതുടാപ്പുകളുടെ എണ്ണം 396 എന്ന് കണക്കാക്കിയാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ലൊക്കേഷൻ, ഇവയുടെ പ്രവർത്തനക്ഷമത എന്നിവയുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇതിനു വേണ്ടി രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. പൊതുടാപ്പുകളുടെ നിജസ്ഥിതി അറിയാൻ വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഒരു സംയുക്ത പരിശോധന ഉണ്ടായിട്ടില്ല. യാതൊരു പരിശോധനയുമില്ലാതെ, വാട്ടർഅതോറിറ്റിയുടെ പ്രതിമാസ ബില്ലിന്റെ മാത്രം അടിസ്ഥാനത്തിൽ വാട്ടർചാർജ്ജൊടുക്കുന്ന പ്രവണതയാണ് കാണുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1) ന് ലഭിച്ച മറുപടിയിൽ, സംയുക്ത പരിശോധനയ്ക്കായി പി.എച്ച്.ഡിവിഷൻ, കെ.ഡബ്ള്യൂ.എ., കൊല്ലത്തിന് നൽകിയ കത്തിൻമേൽ തുടർനടപടി ഉണ്ടായിട്ടില്ലെന്ന് അറിയിച്ചു.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച്, വാട്ടർ ചാർജ്ജൊടുക്കുന്നതിൽ സുതാര്യത ഉറപ്പുവരുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 പദ്ധതി നിർവ്വഹണം-മുൻഗണന അർഹിക്കുന്ന മേഖലകളെ ഒഴിവാക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 133 പ്രോജക്റ്റുകളിൽ ബഹുഭൂരിപക്ഷവും റോഡ് കോൺക്രീറ്റിംഗാണ്. കുടിവെള്ളം, ശുചിത്വം (മാലിന്യപരിപാലനം), ഊർജ്ജം എന്നീ മേഖലകളിൽ പദ്ധതികളൊന്നും തൻവർഷം ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പകുതിയോളം വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കേ ആ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നത് പോരായ്മയായി ഓഡിറ്റിൽ വിലയിരുത്തുന്നു. അതുപോലെ കൃഷി, മൃഗ സംരക്ഷണം എന്നീ മേഖലകളിലും അടിസ്ഥാനസൗകര്യവികസനം മുൻനിർത്തി പദ്ധതികൾ നടപ്പാക്കുന്നില്ല. മുൻഗണന അർഹിക്കുന്ന മേഖലകൾ കണ്ടെത്തി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കന്ന്കുട്ടി പരിപാലന പദ്ധതി-വിനിയോഗ വിവരം ഹാജരാക്കിയില്ല-6,25,000/- രൂപ തടസ്സപ്പെടുത്തുന്നു

വികസന ഫണ്ട് : 6,25000/- രൂപ

ബിൽ നം : 1/15-16: 6,25000/- രൂപ

29.11.15

2015-16 വർഷത്തിൽ കന്ന്കുട്ടി പരിപാലന പദ്ധതിയ്ക്കായി സബ്സിഡി നൽകുന്നതിന് വികസന ഫണ്ടിൽ നിന്നും 6,25,000/- രൂപ പിൻവലിച്ച് അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കൊല്ലത്തിന് നൽകി.മുഖത്തല, ചെറിയേല, തട്ടാർകോണം, കണ്ണനല്ലൂർ എന്നീ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ 100 ക്ഷീരോൽപ്പാദകർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തുന്നതിനാണ്. ഡി.ഡി.നം.657196/09-12-15 പ്രകാരം 6,25,000/- രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കൊല്ലത്തിന് നൽകിയിട്ടുള്ളത്. എന്നാൽ ഇൻഷ്വറൻസ്, തീറ്റവിതരണം മുതലായ വിവരങ്ങളും ഫണ്ടിന്റെ വിനിയോഗ വിവരങ്ങളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ നൽകിയ തുക 6,25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 പൈപ്പ് കമ്പോസ്റ്റ് നൽകൽ - രേഖകൾ ഹാജരാക്കിയില്ല - 2,66,283 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം : 50176/2016

തനത് ഫണ്ട് : 38840/- രൂപ

ഗുണഭോക്തൃവിഹിതം : 2,27,443/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ അടുക്കള വേസ്റ്റ് നിർമ്മാർജ്ജനം ചെയ്യുന്നതിന് 2014-15 വർഷം ആരംഭിച്ച പ്രോജക്ടിന് വേണ്ടി പൈപ്പ്കമ്പോസ്റ്റ് വിതരണം നടത്തിയ ഇനത്തിൽ വിതരണ സ്ഥാപനത്തിന് നൽകാനുള്ള ബാക്കി തുക തനത് ഫണ്ട് 38,840/- രൂപയും ഗുണഭോക്തൃവിഹിതമായ 2,27,443/- രൂപയും ഉൾപ്പെടെ 2,66,283/- രൂപ ഷെപ്പേർഡ് ബിൽഡിംഗ് പ്രോഡക്ട് എന്ന സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ടി.സ്ഥാപനത്തിന്റെ നൽകിയ ഡി.ഡി (നം.082853/29-12-15) മാത്രമാണ് ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. മതിയായ രേഖകളുടെ അഭാവത്തിൽ നൽകിയ മുഴുവൻ തുകയും തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 പച്ചക്കറി വിത്ത്, വളം, ഗ്രോബാഗ് വാങ്ങൽ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല - 1,36,300/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം : 20/16

വികസന ഫണ്ട് : 197400/- രൂപ

ബിൽ നം : 6/15-16/29-02-16 : 136300/- രൂപ

ബിൽ നം : 11/15-16/30-03-16 : 61100/- രൂപ

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത 282 ഗുണഭോക്താക്കൾക്ക് പച്ചക്കറി, വിത്ത് വിതരണം ചെയ്യുന്നതിലേയ്ക്കായി VFPCK – SPP എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 80 രൂപ പ്രകാരമുള്ള കിറ്റിന്റെ വിലയായ 22,560/- രൂപ ടി. സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. കൂടാതെ വളം, ഗ്രോബാഗ് എന്നിവ വാങ്ങിയ ഇനത്തിൽ കേരള ആഗ്രോ ഇൻഡസ്ട്രീസ് യൂണിറ്റ് ലിമിറ്റഡ് കൊട്ടാരക്കര എന്ന സ്ഥാപനത്തിന് നൽകാനുള്ള 2,65,080/- രൂപ പൂർണ്ണമായും നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു

| ഇൻവോയിസ് നം. & തീയതി | ഐറ്റം | എണ്ണം കി.ഗ്രാം | നിരക്ക് | തുക |
|---|---|---|---|---|
| Q-510/16/22-01-16 | ഗ്രോബാഗ്, | 2900 | 17 | 49300 |
| | ജൈവവളം | 7250കി.ഗ്രാം | 12 | 87000 |
| | | ആകെ | | 136300 |
| Q-812/16/22-03-16 | ഗ്രോബാഗ്, | 2740 | 17 | 46580 |
| | ജൈവവളം | 6850 കി.ഗ്രാം | 12 | 82200 |
| | | ആകെ | | 128780 |

ആകെ : 136300 + 128780= 265080/- രൂപ

ഇതിൽ 151340/- രൂപ കൈപ്പറ്റിയതിന്റെ രസീത് മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>ഡി.ഡി.നൽകിയതിന്റെ വിവരങ്ങൾ</u>

| ഡി.ഡി. നം | തുക |
|---|---|
| 981168/18-04-16 | 61100 |
| 985242 /10-05-16 | 41240 |
| 985243/ 10-05-16 | 49000 |
| ആകെ | 151340 |

ടി പ്രോജക്ടിന് വേണ്ടി പിൻവലിച്ച തുകയായ 197400/- രൂപയും, ഗുണഭോക്തൃ വിഹിതമായ 90240/- രൂപയും ഉൾപ്പെടെ 287640/- രൂപ ആണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 151340/- രൂപ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. പച്ചക്കറി വിത്തിന് VFPCK – SPP എന്ന സ്ഥാപനത്തിന് നൽകാനുള്ള ബാക്കി തുകയായ 22560/- രൂപ, കേരള ആഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ് കൊട്ടാരക്കര എന്ന സ്ഥാപനത്തിന് നൽകാനുള്ള ബാക്കി തുകയായ 113740/- (265080-151340) രൂപ എന്നിവ ഉൾപ്പെടെ 136300/- രൂപയുടെ(ടി സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ) കൈപ്പറ്റ് രസീതുകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ആയതിനാൽ 136300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീതുകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്(ഓ.എൻക്വയറി നം. 8/20-10-16-ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 3-10 ഫലവൃക്ഷതൈ വിതരണം - അധികം തുക ചെലവഴിച്ച 825/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം : 26/16

വികസന ഫണ്ട് : 16,800/- രൂപ

ഗുണഭോക്തൃവിഹിതം : 5,325/- രൂപ

തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരഞ്ഞെടുത്ത 71 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈ വിതരണം ചെയ്യാനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഡി.ഡി.നം. 985240/10-05-16 പ്രകാരം 22,125/- (300x71) രൂപ നൽകിയിട്ടുണ്ട്.

300 രൂപ വില വരുന്ന 5 ഐറ്റം ഫല വൃക്ഷ തൈകളാണ് 71 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. എന്നാൽ ഏതൊക്കെ ഫല വൃക്ഷ തൈകളാണ് വാങ്ങി നൽകിയതെന്ന വിവരം ഫയലിനോടൊപ്പം ഇല്ല. 71 ഗുണഭോക്താക്കൾക്ക് 300/- രൂപ ഫലവൃക്ഷത്തൈ വിതരണം ചെയ്യാനായി ഗുണഭോക്തൃവിഹിതമായ 5325/- രൂപ കഴിച്ച് ബാക്കി തുകയായ 15975/- രൂപ ആയിരുന്നു. വികസനഫണ്ടിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. എന്നാൽ 16800/- രൂപ ആണ് പിൻവലിച്ചിട്ടുള്ളത്. ഇപ്രകാരം 825/- രൂപ (16800-15975) വികസന ഫണ്ടിൽ നിന്നും അധികമായി നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും തുക ഈടാക്കി വാങ്ങി ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-11 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്-മീറ്ററിഗ് സംവിധാനത്തോടുകൂടിയഓട്ടോമാറ്റിക് മ തെരുവ് വിളക്ക്സ്ഥാപിച്ചില്ല-വൈദ്യുതി ചാർജ് ഇനത്തിൽ ഭീമമായ തുക ചെലവഴിക്കുന്നു.

2015-2016 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്

ഇനത്തിൽ 1925286/-രൂപ 8655 എന്ന കൺസ്യൂമർ നമ്പരിൽ KSEB യിൽ ഒടുക്കിയിട്ടുണ്ട്. എല്ലാമാസവും 175026/- രൂപയുടെ ബില്ല് KSEB നല്കുകയും പഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് തുക വിനിയോഗിക്കുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പിൻറെ 12.03.2013 ലെ 65529/ഡി.സി3/12 നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ഇതിനുള്ള ടെക്നിക്കൽ സഹായം KSEB നൽകുന്നതും ആവശ്യമായ തുക KSEB യിൽ ഒടുക്കേണ്ടതുമാണ്. മീറ്ററിംഗ് സംവിധാനം വരുന്നതോടെ തെരുവ് വിളക്കുകളുടെ ഉപഭോഗം കണക്കാക്കി വൈദ്യുതിചാർജ് കൃത്യമാക്കാൻ കഴിയും. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാത്തതിനാൽ ഭീമമായ തുക തനത്ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നു. മേൽ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കേണ്ടതാണ്.

## 3-12 വൗച്ചർ പ്രകാരമുള്ള ചെലവ് തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിട്ടുള്ള വൗച്ചറുകൾ പ്രകാരം ചെയ്തിട്ടുള്ള ചെലവുകൾ വിവിധകാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | ഇനം | തടസ്സപ്പെടുത്തിയ തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | 21500434/ 07.10.2015 | മുൻസെക്രട്ടറിയുടെ 4/2014 മുതൽ 09/2014 വരെയുള്ള യാത്ര ബത്ത | 5441/-<br>അംഗീകൃത യാത്ര പരിപാടി,യാത്ര ഡയറി ഇവ ബില്ലിനൊപ്പം ഹാജരാക്കിയില്ല | 2198894 |
| 2 | 21500291/ 20.08.2015 | ഓണം അഡ്വാൻസ് ശ്രീമതി. ബിന്ദു. സീനിയർ ക്ലാർക്ക് | 6000/-<br>അഡ്ജസ്റ്റ് ചെയ്തിട്ടില്ല | 70658 |
| 3 | 21500213/ 22.07.2015 | വസ്തുനികുതി പരിഷ്കരണം ഡേറ്റ എൻട്രി ചാർജ് | 8316/- ഡേറ്റാ എൻട്രിനടത്തിയ 2079 അപേക്ഷകൾ അപ്രൂവ് ചെയ്ത് ഡിമാൻഡ് ചെയ്തില്ല<br>(2079x4=8316) | 70012 |
| 4 | 21500020/ 10.04.2015 | അങ്കണവാടി ടീച്ചർമാർക്ക് ഇലക്ഷൻ | 55000/- | 69938 |

| | | | | |
|---|---|---|---|---|
| | | റെമ്യൂണറേഷൻ നൽകിയത് | ഇലക്ഷൻ കമ്മീഷനിൽ നിന്നും ലഭിക്കേണ്ട വിഹിതം | |
| 5 | 21500280/ 19.08.2015 | കംപ്യൂട്ടർ പ്രിൻറർ ടോണർ ചാർജ് | 4495/- കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ഇവയുടെ സ്റ്റോക്കിൽ എടുത്തില്ല | 70655 |

ആകെ 79252/-

മേൽ അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 3-13 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകത സംബന്ധിച്ച്.

വസ്തു നികുതി, പെർമിറ്റ് ഫീ എന്നീ പ്രധാന വരവിനങ്ങളിലെ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ വളരെക്കുറവാണ് ഈയിനങ്ങളിലെ യഥാർത്ഥ ഡിമാന്റ്.അതേ സമയം തൊഴിൽ നികുതി, ഡി.&.ഒ ലൈസൻസ് ഫീ എന്നീയിനങ്ങളിൽ ബജറ്റ് നിർദ്ദേശത്തേക്കാൾ കൂടുതലാണ് യഥാർത്ഥ ഡിമാന്റ്. വിശദാംശം ചുവടെ ചേർക്കുന്നു;

| ഇനം | ബജറ്റ്നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി | 75,00,000 | 63,69,738 | (-) 11,30,262 |
| തൊഴിൽ നികുതി | 42,00,000 | 43,04,030 | (+) 1,04,030 |
| വാടക | 15,07,000 | 12,09,224 | (-) 2,97,776 |
| പരസ്യം | 5,000 | ഇല്ല | (-) 5,000 |
| ഡി.&ഒ ലൈസൻസ് | 1,46,000 | 2,47,410 | (+) 1,01,410 |
| പെർമിറ്റ് | 7,50,000 | 3,84,030 | (-) 3,65,970 |

ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിക്കേണ്ടതാണ്.

## 3-14 മരുന്ന് വാങ്ങലിനായി തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ 02/2016 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ

ഉദ്യോഗസ്ഥനായി 2015-2016 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഉൾപെടുത്തി ബിൽ നമ്പർ 06/2015-16/1.01.2016 പ്രകാരം 248048/-രൂപ പിൻവലിക്കുകയും ടി തുകയിൽ 200000/-രൂപ മരുന്ന് വാങ്ങുന്നതിലേക്കായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ ഒടുക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ 135365/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. 64635/- രൂപയുടെ മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ ടി തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 ഭക്ഷ്യസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തില്ല

പ്രോജക്ട് നമ്പർ – 18/2016

ബിൽ നമ്പർ – 09/15-16/14.12.2015

തുക – 450000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് നമ്പർ 18/2016 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2015-2016 സാമ്പത്തിക വർഷത്തെ പൂരകപോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും 231093/- രൂപയുടെ ശർക്കരയും (1355കിലോ) റാഗി പൗഡറും (3573കിലോ) വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ 151634 തീയതി 31.12.2015). എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ 231093/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മുഖത്തല | 2015-16 | 270850 | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ട്രൈസ്കൂട്ടർ | 270850 | 0 |
| | | 67835 | | 67835 | 0 |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2015-16 | 13500 | സമഗ്ര നെൽകൃഷി വികസനം | 0 | 13500/- |
| | | 22500 | | 0 | 22500/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | ചെക്ക് നം. 219882 | 423693 | 423693 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 13500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13500 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81261223 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102621021 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | 135238 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 84865 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1402563 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 92269 | | ശ്രീ.എ. അനിൽകുമാർ സെക്രട്ടറി |
| 2-3 | 42969 | | ശ്രീ.എ. അനിൽകുമാർ സെക്രട്ടറി |
| 3-1 | | 50000 | ശ്രീ. എസ്.വിജയമോഹനൻ അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 18960 | ശ്രീമതി. നിയാ സെലിൻ കൃഷി ഓഫീസർ |
| 3-3 | | 8170 | ശ്രീമതി. നിയാ സെലിൻ കൃഷി ഓഫീസർ |
| 3-4 | | 6910 | ഡോ. കോളിൻ ബി. ഫെർണ്ണാണ്ടസ് മെഡിക്കൽ ഓഫീസർ |
| 3-10 | | 825 | ശ്രീമതി. നിയാ സെലിൻ കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 625000 | ഡോ.അനീസ് ബഷീർ, വെറ്റിനറി സർജ്ജൻ |

| | | |
|---|---|---|
| 3-8 | 266283 | ശ്രീമതി. നിയാ സെലിൻ, കൃഷി ഓഫീസർ |
| 3-9 | 136300 | ശ്രീമതി. നിയാ സെലിൻ, കൃഷി ഓഫീസർ |
| 3-12 | 79252 | ശ്രീ. ആർ. ഹിൽക്ക് രാജ്, സെക്രട്ടറി-63316/-<br>ശ്രീ. എ. അനിൽകുമാർ, സെക്രട്ടറി-15936/- |
| 3-14 | 64635 | ഡോ. കോളിൻ ബി. ഫെർണ്ണാണ്ടസ്<br>മെഡിക്കൽ ഓഫീസർ |
| 3-15 | 231093 | ശ്രീമതി. പുഷ്പലത<br>ഐ.സി.ഡി.എസ്.സൂപ്പർ വൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | സാൻ വിഹാർ, തട്ടാമല പി.ഒ., കൊല്ലം |
| എസ്.വിജയ മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | തീർത്ഥം, കേശവൻ നഗർ, പട്ടത്താനം പി.ഒ., കൊല്ലം |
| നിയോ സെലിൻ, കൃഷി | കൃഷി ഓഫീസർ, | പനോരമ, വൈപ്പ് |

| | | |
|---|---|---|
| ഓഫീസർ | പെരിങ്ങമല | ലൈൻ റോഡ്, പേരൂർക്കട, തിരുവനന്തപുരം |
| ഡോ. കോളിൻ ബി.ഫെർണ്ണാണ്ടസ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | അഞ്ജലി ഡെയ്ൽ, പോളയത്തോട് പി.ഒ., കൊല്ലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-1997 | എൽ.എഫ്.ക്യൂ.പി.7/1199(6)/14 തീ-13.06.2014 | 23,24,25,26,31,34, 35(1,2), 36 , 37 | |
| 1997-1998 | എൽ.എഫ്.ക്യൂ.പി.7/1199(7)/14 തീ-13.06.2014 | 27,34,35,36,41 | |
| 1998-1999 | എൽ.എഫ്.ക്യൂ.പി.7/1199(8)/14 തീ-13.06.2014 | 27,35,38,46,47 | |
| 1999-2000 | എൽ.എഫ്.ക്യൂ.പി.7/1199(9)/14 തീ-13.06.2014 | 36,41,43,44,46,47 | |
| 2000-2001 | എൽ.എഫ്.ക്യൂ.പി.7/1199(10)/14 തീ-13.06.2014 | അവസാന എഫ്. ആർ ശ്രദ്ധിക്കുക | |
| 2001-2002 | എൽ.എഫ്.ക്യൂ.പി.7/1199(11)/14 തീ-13.06.2014 | -ടി- | |
| 2002-2003 | എൽ.എഫ്.ക്യൂ.പി.7/1199(12)/14 തീ-13.06.2014 | -ടി- | |
| 2003-2004 | എൽ.എഫ്.ക്യൂ.പി.7/1199(13)/14 തീ-13.06.2014 | -ടി- | |
| 2004-2005 | എൽ.എഫ്.ക്യൂ.പി.7/1199(14)/14 തീ-13.06.2014 | -ടി- | |

| | | | |
|---|---|---|---|
| 2005-2006 | എൽ.എഫ്.ക്യൂ.പി.7/1199(15)/14 തീ-13.06.2014 | -ടി- | |
| 2006-2007 | എൽ.എഫ്.ക്യൂ.പി.7/1199(16)/14 തീ-13.06.2014 | -ടി- | |
| 2007-2008 | എൽ.എഫ്.ക്യൂ.പി.7/1199(17)/14 തീ-13.06.2014 | -ടി- | |
| 2008-2009 | എൽ.എഫ്.ക്യൂ.പി.7/1199(18)/14 തീ-13.06.2014 | -ടി- | |
| 2009-2010 | എൽ.എഫ്.ക്യൂ.പി.7/1199(19)/14 തീ-13.06.2014 | -ടി- | |
| 2010-2011 | എൽ.എഫ്.ക്യൂ.പി.7/1199(20)/14 തീ-13.06.2014 | -ടി- | |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7/1947/12/തീ-27.02.2013 | -ടി- | |
| 2012-13 | എൽ.എഫ്.ക്യൂ.പി.7/365/15/തീ-22.4.2015 | -ടി- | |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ.പി.7/1574/15/19.10.2015 | -ടി- | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.8–1797 / 16 തീയതി, 31/12/2016

1994–ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994–ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215–ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തൃക്കോവിൽ വട്ടം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ തൃക്കോവിൽ വട്ടം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.